**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 274** **20/06/2018 - ൽ മറുപടിയ്ക്ക്**

## സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായുള്ള പദ്ധതികൾ

**ചോദ്യം**

**ശ്രീമതി.യു.പ്രതിഭാ ഹരി**
**ശ്രീ കെ.കുഞ്ഞിരാമൻ**
**" വി.അബ്ദുൾ റഹിമാൻ**
**" എസ്.രാജേന്ദ്രൻ**

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
**(ബഹു.ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനും അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; ആധുനിക വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ടോ;

(എ) സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും ക്ഷേമത്തിനുമായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**സ്ത്രീകൾക്ക് വേണ്ടിയുള്ള പദ്ധതികൾ**

1. കൈത്താങ്ങ് പദ്ധതി
2. മംഗല്യ പദ്ധതി (വിധവ പുനർവിവാഹ ധനസഹായം)
3. അഭയകിരണം
4. വനിതകൾ ഗൃഹനാഥരായിട്ടുള്ളവരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ധനസഹായം
5. ഉജ്ജ്വല
6. സ്വാധാർ ഗൃഹ് സ്കീം
7. പ്രധാനമന്ത്രി മാതൃ വന്ദനയോജന (PMMVY)
8. നാഷണൽ ന്യൂട്രീഷൻ മിഷൻ
9. ജാതക് ജനനി പദ്ധതി
10. അനുപൂരക പോഷകാഹാര പദ്ധതി
11. ആദ്യ ആയിരം ദിനങ്ങൾ
12. ഹെൽപ്പ് ലൈൻ 181
13. വനിതാമിത്ര കേന്ദ്രം - വനിതാ ഹോസ്റ്റൽ
14. ഷീലോഡ്ജ്
15. റീച്ച് ഫിനിഷിംഗ് സ്കൂൾ
16. സ്നേഹ സ്പർശം

**മറ്റ് വിമൺ എംപവർമെന്റ് പദ്ധതികൾ**

1. വനിതാ രത്ന പുരസ്കാരം

2. സ്നേഹ സംഗമം
3. ഗാർഹിക പീഡനത്തിരയായവരുടെ ഷെൽട്ടർ ഹോമുകൾ
4. ഗാർഹിക പീഡനത്തിരയായവർക്കുള്ള നിയമ സേവന കേന്ദ്രങ്ങൾ
5. ശ്രദ്ധ
6. സ്ത്രീകൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള നിയമ ബോധവൽക്കരണ പരിപാടി
7. പോഷ് ആക്ട്
8. ഗാർഹിക പീഡന നിരോധന നിയമം (DV Act)
9. വൺഡേ ഹോം
10. സ്ത്രീധന നിരോധന നിയമം -1961 ബോധവൽക്കരണം
11. പോഷൺ അഭിയാൻ

**<u>കുട്ടികൾക്ക് വേണ്ടിയുള്ള പദ്ധതികൾ</u>**

1. അങ്കണവാടികൾക്ക് പ്രീ സ്കൂൾ കിറ്റ്
2. അങ്കണവാടികൾക്ക് മെഡിസിൻ കിറ്റ്
3. അങ്കണവാടികൾക്ക് കണ്ടിജൻസി
4. അങ്കണവാടി ഫ്ളക്സി ഫണ്ട്
5. ബേഠി ബച്ചാവോ ബേഠി പഠാവോ
6. മൊബൈൽ ക്രഷ്
7. ക്രഷ്
8. ക്യാൻസർ സുരക്ഷ
9. സൈക്കോ സോഷ്യൽ സർവ്വീസസ് പദ്ധതി
10. Scheme for Adolescent Girls
11. താലോലം
12. ശ്രുതിതരംഗം- ക്ലോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി
13. സ്നേഹപൂർവ്വം പദ്ധതി
14. ധ്വനി
15. മിഠായി
16. കാവൽ പദ്ധതി
17. വേക്കേഷൻ ഫോസ്റ്റർ കെയർ പരിപാടി
18. സ്പോൺസർഷിപ്പ് പ്രോഗ്രാം
19. വിജ്ഞാനദീപ്തി
20. ഉജ്ജ്വല ബാല്യം
21. ബാലനിധി

22. സ്റ്റേറ്റ് ചിൽഡ്രൻസ് ഫെസ്റ്റ് - വർണ്ണച്ചിറകുകൾ 2018

23. ഓച്ചിറ ബാലഭിക്ഷാടന നിർമ്മാർജ്ജന പദ്ധതി

24. ശരണബാല്യം പദ്ധതി

25. Valnerabilites Mapping- വിഷമ സാഹചര്യത്തിൽ ജീവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനുള്ള സർവ്വേ

26. ജുവനൈൽ ജസ്റ്റിസ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് വേണ്ടി നടപ്പിലാക്കിയ പദ്ധതികൾ

27. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ORC)

ആധുനിക വിപണന മേഖലയിൽ സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനായി വിവിധതരം സംരംഭങ്ങൾ നടത്തുന്ന സ്ത്രീകളെ ഒന്നിപ്പിച്ചുകൊണ്ട് അന്താരാഷ്ട്ര വനിതാവിപണന കേന്ദ്രം (ഐ.ഡബ്ല്യ.റ്റി.സി) ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സ്ത്രീകളുടെ സംരംഭകത്വ ശേഷി വികസിപ്പിക്കുന്നതിനും നൈപുണ്യ വികസനത്തിനും തൊഴിൽ പരിശീലനത്തിനും എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ;

(ബി) വിധവകൾക്കും അവിവാഹിതരായ അമ്മമാർക്കുമുള്ള സ്വയം തൊഴിൽ പദ്ധതി നടപ്പിലാക്കുന്നതിന് ടെയ്ലറിംഗ് യൂണിറ്റ്, ബ്യൂട്ടീഷൻ കോഴ്സ് മുതലായ സ്വയം തൊഴിൽ പരിശീലനം Centre for Management മുഖേന ആലപ്പുഴ ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ വനിതാ ശിശുവികസന വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

വിധവകൾക്കായി സംരംഭകത്വ വികസന പരിശീലന പദ്ധതി വനിതാവികസന കോർപ്പറേഷൻ നടപ്പിലാക്കി വരുന്നു. കേരളത്തിലുടനീളം നാളിതുവരെ 300 ഓളം പേർക്ക് ഈ പദ്ധതി പ്രകാരം പരിശീലനം നൽകികഴിഞ്ഞിട്ടുണ്ട്.

അഭ്യസ്തവിദ്യരായ സ്ത്രീകളെ തൊഴിൽ നേടുന്നതിന് പ്രാപ്തരാക്കുന്നതിനായി തിരുവനന്തപുരം, കണ്ണൂർ ജില്ലകളിൽ വനിതാ വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ റീച്ച് എന്ന ഫിനിഷിംഗ് സ്കൂൾ നടത്തിവരുന്നു.

കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിലെ മുതുകാട് ആദിവാസി സെറ്റിൽമെന്റ്

കോളനിയിൽ വനമിത്ര എന്ന പേരിൽ ആദിവാസി സ്ത്രീകളുടെ തൊഴിൽ നൈപുണ്യം വികസിപ്പിച്ചുകൊണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനായുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(സി) കുട്ടികളെ സംരക്ഷിക്കാനായുള്ള ഭദ്രം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് കുട്ടികൾക്കെതിരെയുള്ള ലൈംഗീക അതിക്രമം തടയുന്നതിന് ഐ.സി.പി.എസ് മുഖേന നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഭദ്രം പദ്ധതി

ശരിയായ അറിവില്ലായ്മയും പലവിധത്തിലുള്ള പ്രകോപനങ്ങൾ മൂലവും ലൈംഗികാതിക്രമങ്ങൾക്ക് ഇരയാകുന്ന കുട്ടികൾക്ക് മികച്ച രീതിയിലുള്ള ബോധവൽക്കരണം നൽകുന്നതോടൊപ്പം പീഢനങ്ങൾക്കിരയാകുന്ന കുട്ടികളും രക്ഷാകർത്താക്കളും സ്വീകരിക്കേണ്ട നിയമനടപടികളെക്കുറിച്ചും കുട്ടികൾക്കും, രക്ഷാകർത്താക്കൾക്കും, സ്കൂൾ ടീച്ചർമാർക്കും, മറ്റ് ജീവനക്കാർക്കും ബോധവൽക്കരണം നൽകുക എന്നതാണ് ഭദ്രം പദ്ധതിയുടെ ലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ/സർക്കാ-രിതര സ്കൂളുകളിലേയും കുട്ടികൾക്ക് പോക്സോ നിയമത്തെക്കുറിച്ചും ബാലാവകാശങ്ങളെ സംബന്ധിച്ചും ബോധവൽക്കരണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

സ്കൂൾ കുട്ടികളിൽ മയക്ക മരുന്നിന്റെ ഉപയോഗം വർദ്ധിക്കുന്നത് അതിക്രമ-ങ്ങൾക്ക് കാരണമാകുന്നു. ഈ സാഹചര്യത്തിൽ കുട്ടികളെ ഇത്തരം അതിക്രമങ്ങളിൽ നിന്നും സംരക്ഷിക്കുന്ന-തിനായും ഭദ്രം പദ്ധതിയിൽ ലക്ഷ്യമിടുന്നു.

(ഡി) അനാഥരോ ദരിദ്രരോ ആയ കുട്ടികളെ പാർപ്പിക്കുന്ന അനാഥാലയങ്ങളുടെ പ്രവർത്തനം കർശന നിരീക്ഷണത്തിന് വിധേയമാക്കാറുണ്ടോ?

(ഡി) സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം ശിശു സംരക്ഷണ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളിലും ചൈൽഡ് വെൽഫെയർ കമ്മിറ്റികൾ പരിശോധന നടത്താറുണ്ട്. സംസ്ഥാനതലത്തിൽ സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ നിന്നും

ഉദ്യോഗസ്ഥർ സർക്കാർ ഗ്രാന്റ് നൽകുന്ന ശിശു സംരക്ഷണ സ്ഥാപനങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നുണ്ട്.

സർക്കാർ നേരിട്ട് നടത്തുന്ന 27 ചിൽഡ്രൻസ് ഹോമുകൾ, സർക്കാർ ഗ്രാന്റ് നൽകി എൻ.ജി.ഒ മുഖാന്തിരം നടപ്പിലാക്കുന്ന ഒരു ശിശുസംരക്ഷണ സ്ഥാപനം എൻ.ജി.ഒകൾ നേരിട്ട് നടത്തുന്ന 7[illegible] ശിശുസംരക്ഷണസ്ഥാപനങ്ങൾ എന്നിവ ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**